Talented Bankers Literary Panel
പുസ്തക പരിചയം 171

പുസ്തകം പരിചയപ്പെടുത്തുന്നത്,
കെ ജി ഉണ്ണികൃഷ്ണൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുമ്പള ശാഖ.

വഴിയോരക്കാഴ്ച്ചകൾ
കെ എൽ മോഹനവർമ്മ

ചേട്ടാ .....
ചേട്ടന് , ഇപ്പോൾ കുറച്ചു നാളായി കഷ്ടകാലമാണ് .. ഇതു കണ്ടോ ശനി മണ്ഡലത്തിലേക്ക് രാഹുവിൻ്റെ ദൃഷ്ടി ....

ചേട്ടൻ ഉദ്ദേശിക്കുന്ന എല്ലാ കാര്യത്തിലും അവസാന നിമിഷത്തിലെ ആ ഉടക്ക് കണ്ടോ?...

ചേട്ടന് ഭാഗ്യമില്ല .ചേട്ടന്റെ കഴിവുകൾക്ക് ഒരിക്കലും വേണ്ടത്ര അംഗീകാരമോ പ്രതിഫലമോ കിട്ടിയിട്ടില്ല. അതേസമയം ചേട്ടനേക്കാൾ മഠയന്മാരുടെ കീഴിൽ ,അവര് പറയുന്നത് കേട്ട് പണി ചെയ്യേണ്ട ഗതികേടാണ് ചേട്ടന്....

പിന്നെ ...ചേട്ടനോട് അസൂയ ഉള്ള മൂന്ന് പേരുണ്ട് . അതിൽ രണ്ട് പേരെ അത്ര കാര്യമാക്കേണ്ട ... പക്ഷേ മൂന്നാമത്തെയാൾ , എപ്പോഴും ചേട്ടന് ദോഷം വരണം എന്ന് ചിന്തിക്കുന്ന കൂട്ടത്തിലാണ്. അവർ മൂന്നുപേരും ചേട്ടൻ്റെ ബന്ധുക്കളാണ്...

അതിലൊരാൾ സ്ത്രീയുമാണ്...

ചേട്ടനെക്കുറിച്ച് നന്നായി അറിയാവുന്നതുകൊണ്ടും എനിക്ക് സാമുദ്രിക ശാസ്ത്രം അറിയാവുന്നതുകൊണ്ടുമാണ് ഞാൻ ഇതൊക്കെ പറയുന്നത്...

ഈ വരികൾ കെ എൽ മോഹനവർമ്മ യുടെ "വഴിയോരക്കാഴ്ചകൾ "എന്ന ലേഖന സമാഹാരത്തിലുള്ളതാണ് .

ഒരു കഥാകൃത്ത് എഴുതിയ ലേഖന സമാഹാരം. അതിനാലാകണം ഇതിലെ എല്ലാ ലേഖനത്തിലും ഒരു കഥയുടെ ഫീലിംഗ് ഉണ്ട്.

ഒറ്റയിരിപ്പിൽ വായിച്ചു തീർക്കാവുന്ന 20 ലേഖനങ്ങൾ. ഈ പുസ്തകം വായിച്ച് കഴിഞ്ഞ്, ഒന്ന് തിരിഞ്ഞു നോക്കുമ്പോൾ ചില ലേഖനങ്ങളിൽ ആശയങ്ങളാണ് മുന്നിട്ടുനിൽക്കുന്നത് മറ്റു ചില തിലാകട്ടെ കഥാപാത്രങ്ങളും.

ചില ഉദാഹരണങ്ങൾ:

യുദ്ധവും കേരളവും - എന്ന ലേഖനത്തിൽ " യുദ്ധം നമുക്ക് കേരളത്തിൽ ജീവിക്കുന്നവർക്ക് എന്നും കേട്ടുകേൾവിയിലുള്ള കഥ മാത്രമായിരിക്കുന്നു. യുദ്ധത്തിന്റെ ഭീകരതയും സ്വകാര്യത ഇല്ലായ്മയും അറിയാത്ത ഒരു സമൂഹം... അതിനാലാവണം യുദ്ധത്തിൻ്റെ അനാവശ്യതകളെപ്പറ്റി ഇത്ര ഉദാത്തമായി ചിന്തിക്കുവാൻ കഴിയുന്ന ബുദ്ധിജീവികൾ നമുക്ക് മുറയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത് " എന്ന് എഴുതിയിരിക്കുന്നു

മറ്റൊരു ലേഖനം ആയ "ജാതിവ്യവസ്ഥയും കശുവണ്ടിയും " എന്നതിൽ ഇന്ന് പൊതുസമൂഹത്തിൽ രൂപപ്പെട്ടിരിക്കുന്ന - ജോലിയുടെ നിലവാരമനുസരിച്ചുള്ള തരംതിരിക്കൽ രസകരമായി അവതരിപ്പിച്ചിരിക്കുന്നു. ഉദാഹരണമായി കെഎസ്ആർടിസി ഡിപ്പോയിലെ കാൻ്റിനുകളുടെ കാര്യം . കെ എസ് ആർ ടി സി അംഗങ്ങൾ ഒഴികെ ബാക്കി ഉള്ളവരെല്ലാം അയിത്തം ഉള്ളവരാണത്രേ...അവരെ തൊട്ടു കൂടാതിരിക്കാൻ കെഎസ്ആർടിസി സ്റ്റാഫിന് പ്രത്യേകം മുറി . പിന്നെ അയിത്തം ഉള്ളവർ കൊടുക്കുന്നതിൻ്റെ നാലിലൊന്ന് കാശ് മതി അവരുടെ ഭക്ഷണത്തിന്.

" മാർക്കറ്റിംഗ് "എന്ന ലേഖനത്തിൽ കേരളത്തിലെ കുടുംബ ബജറ്റിനെ താറുമാറാക്കുന്ന 3 പ്രധാന കാര്യങ്ങൾ വിവരിക്കുന്നു.

ഒന്ന് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള വ്യാപകമായ അഭിനിവേശം. രണ്ട് ..ജലദോഷം വന്നാൽ പോലും ആശുപത്രിയിലേക്ക് ഓടുന്ന പ്രവണത . മൂന്ന്... മദ്യപാനം ഒരു തിന്മയാണ് എന്ന വിശ്വാസം നഷ്ടപ്പെട്ടത്

അക്ഷരാഭ്യാസവും സാമൂഹിക വിപ്ലവവും നമ്മുടെ വീക്ഷണത്തിൽ വരുത്തിയ മാറ്റങ്ങൾ നെസസിറ്റിയും ലക്ഷ്വറിയും തമ്മിലുള്ള അതിർവരമ്പുകൾ വളരെയേറെ ഇല്ലാതാക്കി. വരവ് അനുസരിച്ച് ചെലവ് നടത്തുക എന്ന പരമ്പരാഗത രീതി മാറി, ചെലവിന് അനുസരിച്ച് വരുമാനംവർദ്ധിപ്പിക്കുക എന്നതായി പുതിയ തിയറി.

മറ്റു ചില ലേഖനങ്ങളിൽ കഥാപാത്രങ്ങളാണ് നമ്മുടെ മനസ്സിൽ തങ്ങി നിൽക്കുന്നത് .

കൈക്കൂലി എന്ന ലേഖനത്തിൽ സർക്കാർ ഓഫീസിൽ, വീടുപണിയുടെ പേപ്പറുകൾ ശരിയാക്കി കിട്ടാൻ ആർക്കൊക്കെ കൈക്കൂലി വേണം എന്ന് ചോദിച്ചു ചോദിച്ചു നടക്കുന്ന കേണൽ സാഹിബിനെ കാണാം. കൈക്കൂലി വേണമെങ്കിലും ഇങ്ങനെ തുറന്നു ചോദിക്കുന്നത് ഇഷ്ടപ്പെടാതെ ഓഫീസിലെ ജീവനക്കാർ അദ്ദേഹത്തെ വട്ടം കറക്കുന്നത്

രസകരമായി എഴുതിയിരിക്കുന്നു .

ഝാബുവയിലെ ഇന്ത്യക്കാരൻ എന്ന ലേഖനത്തിൽ പറയുന്ന യൗവ്വനം കിട്ടാനുള്ള മരുന്നിന് വേണ്ടി കാത്തിരിക്കുന്ന ഏക ലവ്യൻ....

വാർദ്ധക്യത്തിലെ വിരസതയും ഏകാന്തതയും മാറ്റുവാൻ ലിയറോസിയോണിലെ പക്ഷികളുടെ കഥ പറഞ്ഞ് ഒരാളെ ജീവിതത്തിൻ്റെ തിരക്കിലേക്ക് കൂട്ടികൊണ്ട് വരുന്ന സുഹൃത്ത് ...

ഒറ്റവാക്കിൽ പറഞ്ഞാൽ ചിരിയും ചിന്തയും കഥയും ദുഃഖവും വേദനയും കോർത്തിണക്കിയ ചെറു ലേഖനങ്ങളുടെ ഒരു സമാഹാരം .

114 പേജിൽ ഒതുക്കി 50 രൂപയിൽ താഴെ മാത്രം വിലയിട്ടിരിക്കുന്ന പുസ്തകം.

ഒരു യാത്രയിൽ എന്നും നമ്മുക്ക് കൂട്ടായി കൊണ്ടുനടക്കാവുന്ന, ഒരിക്കൽ വായിച്ചു മറക്കുക എന്നതിനേക്കാളുപരി വായിച്ചിട്ട് ചിന്തിക്കുക എന്ന ലക്ഷ്യത്തിലേക്ക് നമ്മെ കൈപിടിച്ച് കൂട്ടിക്കൊണ്ടു പോകുന്ന ഒരു പുസ്തകം.

പ്രസാധകർ: ഒലിവ് പബ്ളിക്കേഷൻസ്
വില:48 രൂപ(2001) edition